Electricity Department
Government of Puducherry (India)

വൈദ്യുതി വകുപ്പ്
പുതുച്ചേരി സർക്കാർ
(ഇന്ത്യ)

## പുതുച്ചേരി സർക്കാർ വൈദ്യുതി വകുപ്പ്

PFC CONSULTING LTD.
(A wholly owned subsidiary of Power Finance Corporation Ltd.)

APRAAVA ENERGY

### "സ്മാർട്ടാകൂ... അപ്ഡേറ്റഡ് ആയിരിക്കൂ..."



## സ്മാർട്ട് മീറ്ററുകളെക്കുറിച്ചും അവയുടെ പ്രയോജനങ്ങളെക്കുറിച്ചും

**1. എന്താണ് സ്മാർട്ട് മീറ്റർ?**

നിങ്ങളുടെ വൈദ്യുതി ഉപഭോഗം ട്രാക്ക് ചെയ്യാനും വൈദ്യുതി വിതരണവും ബിൽ ശേഖരണവും സ്വയമേവ നിരീക്ഷിക്കാനും വൈദ്യുതി കമ്പനികളെ സഹായിക്കുന്ന പുതിയ തലമുറ മീറ്ററുകളാണ് സ്മാർട്ട് മീറ്ററുകൾ. നിങ്ങളുടെ വൈദ്യുതി ഉപഭോഗം വിശകലനം ചെയ്യാനും ക്രമീകരിക്കാനും വൈദ്യുതി ഉപഭോഗം കുറയ്ക്കാനും ഇവ നിങ്ങളെ സഹായിക്കും.

**2. മീറ്റർ ഇൻസ്റ്റലേഷൻ പോസ്റ്റ്പെയ്ഡ് മോഡിലാണോ പ്രീപെയ്ഡ് മോഡിലാണോ?**

പുതുച്ചേരി സർക്കാർ പോസ്റ്റ്പെയ്ഡ് രീതിയിൽ സ്മാർട്ട് മീറ്ററിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിരിക്കുന്നു.

**3. സ്മാർട്ട് മീറ്റർ നിർബന്ധമാണോ?**

മാനദണ്ഡമനുസരിച്ച് ഘട്ടംഘട്ടമായി സ്മാർട്ട് മീറ്ററുകളുടെ ഇൻസ്റ്റലേഷൻ നിർബന്ധിതമാക്കുന്നു.

**4. സ്മാർട്ട് മീറ്റർ ഇൻസ്റ്റാൾ ചെയ്യാൻ ഞാൻ പണം നൽകേണ്ടതുണ്ടോ?**

ഇല്ല. സ്മാർട്ട് മീറ്റർ ഇൻസ്റ്റാൾ ചെയ്യുന്നതിന് നിങ്ങൾ പണമടയ്ക്കേണ്ടതില്ല.

**5. സ്മാർട്ട് മീറ്റർ ഉപയോഗിക്കുന്നതിന്റെ ഗുണങ്ങൾ എന്തൊക്കെയാണ്?**

- ഉപഭോക്തൃ മൊബൈൽ ആപ്ലിക്കേഷൻ വഴി നിങ്ങൾക്ക് വൈദ്യുതി ഉപഭോഗം നിരീക്ഷിക്കാൻ കഴിയും.
- ഇത് സ്വയമേവ ഇലക്ട്രിക്കൽ റീഡിംഗുകൾ വൈദ്യുതി ബോർഡിലേക്ക് അയയ്ക്കുന്നു.
- വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താന് ഇത് സഹായിക്കും.
- വൈദ്യുതി തടസ്സപ്പെട്ടാൽ, മുന്നറിയിപ്പ് വിവരങ്ങൾ വൈദ്യുതി ബോർഡിന് അയയ്ക്കുന്നു, ഇത് വേഗത്തിൽ അറ്റകുറ്റപ്പണി നടത്താൻ സഹായിക്കുന്നു.

**6. സ്മാർട്ട് മീറ്റർ ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള നടപടിക്രമം എന്താണ്?**

നിലവിലുള്ള മീറ്റർ സ്മാർട്ട് മീറ്ററാക്കി മാറ്റുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് നടപടി സ്വീകരിക്കും.

**7. വ്യത്യസ്ത നിലകൾക്കോ വാടകക്കാർക്കോ വേണ്ടി ‘സ്മാർട്ട്’ സബ്-മീറ്റർ ഇൻസ്റ്റാൾ ചെയ്യേണ്ടതുണ്ടോ?**

നിലവിലുള്ള ഡിപ്പാര്ട്ട് മെന്റ് മീറ്ററുകൾ സ്മാർട്ട് മീറ്ററുകളാൽ മാറ്റിസ്ഥാപിക്കണമെന്നതാണ് നിർദ്ദേശം. വ്യത്യസ്ത നിലകൾക്കോ വാടകക്കാരിക്കോ നിങ്ങൾക്ക് ഏത് തരത്തിലുള്ള സബ്-മീറ്ററും ഇൻസ്റ്റാൾ ചെയ്യാം.”

**8. എനിക്ക് ഒരു സോളാർ റൂഫ് ടോപ്പ് സിസ്റ്റം ഉണ്ട്; എനിക്കും ഒരു സ്മാർട്ട് മീറ്റർ ലഭിക്കുമോ?**

അതെ, പുതിയ സോളാർ റൂഫ്ടോപ്പ് ഉപയോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സൗജന്യമായി നൽകും. പഴയ മീറ്ററുകള് മാറ്റി സ്ഥാപിക്കുന്നതും ഘട്ടം ഘട്ടമായി സൗജന്യമായി നടത്തും.

---

## ബില്ലിംഗും റീചാർജും സംബന്ധിച്ച്

**1. സ്മാർട്ട് മീറ്റർ കാരണം എന്റെ വൈദ്യുതി നിരക്കിൽ മാറ്റമുണ്ടാകുമോ?**

സ്മാർട്ട് മീറ്റർ സ്ഥാപിച്ചതിനാൽ വൈദ്യുതി നിരക്ക് ഘടനയിൽ മാറ്റമില്ല.

**2. സ്മാർട്ട് മീറ്റർ ഇൻസ്റ്റാൾ ചെയ്തതിന് ശേഷം എന്റെ വൈദ്യുതി ബിൽ കൂടുമോ?**

സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചതിനാൽ നിങ്ങളുടെ വൈദ്യുതി ബിൽ വർദ്ധിക്കില്ല. മനുഷ്യ പിഴവുകളില്ലാതെ കൃത്യമായ അളവുകൾ ലഭ്യമാകുന്നതിനാൽ ബില്ലിംഗിന്റെ കൃത്യത വർദ്ധിക്കും.

**3. എന്റെ വൈദ്യുതി ചെലവ് കുറയ്ക്കാൻ സ്മാർട്ട് മീറ്റർ എങ്ങനെ സഹായിക്കുന്നു?**

പി.ഇ.ഡി ഉപഭോക്താക്കളുടെ മൊബൈൽ ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ് പോർട്ടൽ വഴി നിങ്ങൾക്ക് നേരിട്ട് വൈദ്യുതി ഉപഭോഗം നിരീക്ഷിക്കാൻ കഴിയും, അതുവഴി വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുകയും ചെലവ് കുറയ്ക്കുകയും ചെയ്യുന്നു.

**4. എന്റെ വൈദ്യുതി ഉപഭോഗം എങ്ങനെ നിരീക്ഷിക്കാം? എനിക്ക് വിദൂരമായി മീറ്റർ ഓണാക്കാനും ഓഫാക്കാനും കഴിയുമോ?**

പി.ഇ.ഡി മൊബൈൽ ആപ്ലിക്കേഷനോ വെബ് സൈറ്റോ ഉപയോഗിച്ച് നിങ്ങൾക്ക് വൈദ്യുതി ഉപഭോഗം നിരീക്ഷിക്കാൻ കഴിയും, പക്ഷേ സുരക്ഷാ കാരണങ്ങളാൽ, ഉപഭോക്താവിന് മീറ്റർ ഓണാക്കാനും ഓഫാക്കാനും സൗകര്യം ഉൾപ്പെടുത്തിയിട്ടില്ല.

**5. വൈദ്യുതി തടസ്സവും വിച്ഛേദിക്കുന്നതും തമ്മിൽ നിങ്ങൾ എങ്ങനെ വേർതിരിച്ചറിയും?**

കണക്ട് വിച്ഛേദിക്കപ്പെട്ടാൽ, മീറ്റർ റണ്ണിംഗ് പൊസിഷനിലായിരിക്കും, സ്ക്രീനിൽ 'റിലേ ഓപ്പൺ' സൂചന കാണിക്കും

**6. ഇലക്ട്രിസിറ്റി ബിൽ എങ്ങനെ ലഭിക്കും?**

നിലവിലുള്ള ഫിസിക്കൽ ബില്ലുകൾ നൽകുന്ന സംവിധാനം തുടരും, താൽപ്പര്യമുള്ള കക്ഷികൾക്ക് എസ്എംഎസ് അല്ലെങ്കിൽ ഇമെയിൽ വഴി അത് സ്വീകരിക്കാനും പിഇഡി ആപ്പിലോ വെബ്സൈറ്റിലോ പിഡിഎഫ് ഫോർമാറ്റിൽ ഡൗൺലോഡ് ചെയ്യാനും കഴിയും.

**7. എത്ര തവണയാണ് വൈദ്യുതി ബിൽ അടയ്ക്കുന്നത്?**

നിലവിലെ ബില്ലിംഗ് സൈക്കിൾ തുടരും.

**8. എന്റെ സ്മാർട്ട് മീറ്ററിന്റെ കൃത്യത പരിശോധിക്കാമോ?**

നിങ്ങൾക്ക് സ്മാർട്ട് മീറ്റർ കൈകടത്തപ്പെട്ടതായി തോന്നുകയോ തെറ്റായ റീഡിംഗ് കാണിക്കുകയോ ചെയ്യുന്നതായി സംശയമുണ്ടെങ്കിൽ, നിങ്ങളുടെ പ്രദേശത്തെ വൈദ്യുതി വകുപ്പ് ഓഫീസിനെ നേരിട്ടോ, ടോൾ-ഫ്രീ നമ്പർ വഴിയോ, അല്ലെങ്കിൽ വകുപ്പ് നൽകുന്ന മറ്റ് മാർഗങ്ങളിലൂടെയോ ബന്ധപ്പെടാം. വൈദ്യുതി വകുപ്പ് നിങ്ങളുടെ മീറ്റർ പരിശോധിക്കും. മീറ്റർ ശരിയായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയാൽ, ജോയിന്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ടെസ്റ്റിംഗ് ചെലവ് ഉപഭോക്താവിനാണ് വഹിക്കേണ്ടത്. മീറ്റർ തകരാറിലാണെന്ന് കണ്ടെത്തിയാൽ, ജോയിന്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് നിങ്ങളുടെ അടുത്ത ബില്ലിംഗ് ചക്രത്തിൽ ചാർജുകൾ (സി.സി. ചാർജുകൾ) ക്രമീകരിക്കപ്പെടും.

**9. എന്റെ പരാതിയുടെ നില എങ്ങനെ അറിയാം?**

നിലവിലുള്ള പരാതി പരിഹാര സംവിധാനം സ്മാർട്ട് മീറ്ററുകൾക്കും ബാധകമാണ്. നിങ്ങൾക്ക് പി.ഇ.ഡി ആപ്പിലോ വെബ് സൈറ്റിലോ "പരാതി" വിഭാഗം തുറക്കാൻ കഴിയും.

**10. സ്മാർട്ട് മീറ്ററുകൾ ആരോഗ്യത്തിന് ഹാനികരമാണോ?**

ഇല്ല, സ്മാർട്ട് മീറ്ററുകൾ ആരോഗ്യത്തിന് ഒരു ദോഷവും വരുത്തുന്നില്ല.

**11. സ്മാർട്ട് മീറ്ററുകൾ വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുമോ?**

അതെ, പവർ സപ്ലൈ സ്റ്റാറ്റസ് നിരീക്ഷിക്കുന്നതിനും തകരാറുകൾ വേഗത്തിൽ പരിഹരിക്കുന്നതിനും തത്സമയ ഡാറ്റ ഉപയോഗിക്കാം ഇതുവഴി വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടും.

**12. ഭാവിയിൽ സ്മാർട്ട് മീറ്ററുകളിൽ ലഭ്യമായ അധിക സേവനങ്ങൾ എന്തൊക്കെയാണ്?**

- ദൈനംദിന വൈദ്യുതി റീഡിംഗും ഉപഭോഗ അളക്കലും
- ദൈനംദിന, പ്രതിമാസ, സീസണൽ ഉപഭോഗം താരതമ്യം ചെയ്യുന്ന ഗ്രാഫ്
- ഡയറക്ട് ഓൺലൈൻ പേയ്മെന്റ് സൗകര്യം
- ഒരു ഉപയോഗ നിയന്ത്രണ മുന്നറിയിപ്പ് ക്രമീകരിക്കുന്നു
- പ്രതിമാസ ലോഡ് സ്റ്റാറ്റസ് തിരിച്ചറിയുക
- തത്സമയ അറിയിപ്പുകൾ
- ആപ്പ് വഴി പരാതികള് രജിസ്റ്റര് ചെയ്യലും ഉപഭോക്തൃ സേവനവും
- ഉപകരണം തിരിച്ചുള്ള വിവര ശേഖരണവും ഊർജ്ജ സംരക്ഷണ ശുപാർശകൾ നൽകലും .

**13. സ്മാർട്ട് മീറ്റർ എന്ത് ഡാറ്റയാണ് ശേഖരിക്കുന്നത്?**

സ്മാർട്ട് മീറ്ററുകൾ തത്സമയ വൈദ്യുതി ഉപഭോഗ ഡാറ്റ ശേഖരിക്കുന്നതിനായി പ്രോഗ്രാം ചെയ്തിരിക്കുന്നു. ഈ ഡാറ്റ സേവന സ്ഥാപനങ്ങൾക്ക് അവരുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു.

**14. ഇലക്ട്രിസിറ്റി ബോർഡിന് വൈദ്യുതി ഉപഭോഗ ഡാറ്റ മറ്റുള്ളവരുമായി പങ്കിടാൻ കഴിയുമോ?**

ഇല്ല. നിങ്ങളുടെ അനുമതിയില്ലാതെ വ്യക്തിഗത ഡാറ്റ പങ്കിടില്ല. ഡാറ്റാ സ്വകാര്യതാ നിയമങ്ങൾ കർശനമായി പാലിക്കുന്നു.

**15. എന്റെ ഡാറ്റയുടെ സുരക്ഷയ്ക്കും സ്വകാര്യതയ്ക്കും ആരാണ് ഉത്തരവാദി?**

പ്രസക്തമായ നിയമങ്ങൾ അനുസരിച്ച് ഡാറ്റാ സംരക്ഷണത്തിനും സ്വകാര്യതയ്ക്കും പുതുച്ചേരി വൈദ്യുതി വകുപ്പിന് (പിഇഡി) ഉത്തരവാദിത്തമുണ്ട്.

**16. മീറ്റർ ഡാറ്റ ലഭിക്കുമോ?**

ഉവ്വ്. പി.ഇ.ഡി മൊബൈൽ ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ് സൈറ്റ് വഴി നിങ്ങളുടെ മീറ്റർ ഡാറ്റ പരിശോധിക്കാൻ കഴിയും.